(സി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കോടതിയെ അറിയിച്ച അഭിപ്രായം എന്തായിരുന്നു ;

(ഡി) ഡിവിഷൻബഞ്ച് വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകുമോ ?

ഉത്തരം

(എ) പൊതുനിരത്തിലെ പൊതുയോഗം നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതിവിധി, സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേട്ടശേഷമായിരുന്നില്ല.

(ബി) ശരിയല്ല.

(സി) സർക്കാർ അഭിപ്രായം അറിയിച്ചിരുന്നില്ല.

(ഡി) നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

കിനാലൂർ സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷണം

9 (4613) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിനാലൂർ സംഭവത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ സംഭവത്തിൽ പൊതുജനങ്ങളോ പോലീസോ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ഡി) പോലീസിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ചകളുണ്ടായതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ വീഴ്ചകളാണുണ്ടായതെന്നും, അവർക്കെതിരെ എന്തു നടപടി കൈക്കൊണ്ടു എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ബാലുശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 303/2010, 304/2010, 305/2010, 306/2010 എന്നീ കേസുകളിൽ 133 പേർക്കെതിരെ 307 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിലെ 133 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. പോലീസ് പ്രതികളായ സംഭവം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതികളുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ഡി) പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി

10 (4614) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥ ഇരുചക്ര വാഹനം ഓടിക്കുന്നവർക്ക് നിർബന്ധമാക്കി നിർദ്ദേശം നൽകിയ പോലെ മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ 2009-2010-ൽ, സംസ്ഥാനത്തൊട്ടാകെ ഹെൽമറ്റ് ധരിക്കാത്ത എത്ര കേസ്സുകളിൽ പിഴ ഈടാക്കി എന്നും, മദ്യപിച്ച് വാഹനമോടിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ ;

(സി) അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങൾ ഓടിച്ചിരുന്നവരെ മദ്യപിച്ചിരുന്നോ എന്നു പരിശോധിക്കാറുണ്ടോ ; ഇല്ലെങ്കിൽ ഓരോ കേസിലും അതിനായി രക്തപരിശോധന നിർബന്ധമാക്കുമോ ;

(ഡി) 2009-2010 വർഷം മദ്യപിച്ചു വാഹനമോടിച്ച് അപകടത്തിൽപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ ;

(ഇ) യു. ഡി. എഫ്. സർക്കാരിന്റെ ഭരണകാലത്തും ഈ സർക്കാരിന്റെ ഭരണകാലത്തും ഹെൽമെറ്റ് ധരിക്കാത്തവരിൽ നിന്നും പിഴയിനത്തിൽ ഈടാക്കിയ തുകയുടെ കണക്ക് വെവ്വേറെ നൽകുമോ ;

(എഫ്) പോലീസ് സേനാംഗങ്ങളെ ഹെൽമെറ്റ് ഉപയോഗിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരിൽ നിന്നും പിഴ ഈടാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മദ്യപിച്ച് വാഹനമോടിക്കുന്നത് മോട്ടോർ വാഹനനിയമപ്രകാരം കുറ്റകരമാണ്. അത്തരത്തിലുള്ളവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly